RCS/110/2025-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
ജവഹർ സഹകരണ ഭവൻ,
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം -14
ഫോൺ 0471-2330825
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in
തീയതി: 22.01.2025

# സർക്കുലർ നമ്പർ 03/2025

വിഷയം:- സഹകരണ വകുപ്പ് - 1969 കേരള സഹകരണ സംഘം ചട്ടം ഭേദഗതി - പുതുക്കിയ ഫീസ് നിരക്കുകൾ -സംബന്ധിച്ച്

പരാമർശം:- 31.12.2024 ലെ അസാധാരണ ഗസറ്റ് നമ്പർ 4134 പ്രകാരം പ്രസിദ്ധീകരിച്ച 2024 ലെ കേരള സഹകരണ സംഘം ( രണ്ടാം ഭേദഗതി) ചട്ടങ്ങൾ - 31.12.2024 ലെ G.O.(P) No. 232/2024/Co-op, S.R.O No. 1203/2024.

2024 ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങൾ പ്രകാരം 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തി സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ട ഭേദഗതിയിൽ സഹകരണ നിയമ പ്രകാരമുള്ള വിവധ സേവനങ്ങൾക്ക് ഈടാക്കുന്ന ഫീസുകളിൽ വർദ്ധനവ് വരുത്തുകയും ചില സേവനങ്ങൾക്ക് പുതുതായി ഫീസ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിജ്ഞാപനം പുറപ്പെടുവിച്ച തീയതിയായ 31.12.2024 മുതൽ ടി നിരക്കുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പുതുക്കിയ നിരക്കുകൾ പ്രകാരമുള്ള ഫീസ് കൃത്യമായി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

പുതുക്കിയ നിരക്കുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. **സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ചട്ടം 3(6)**

| നിർദ്ദിഷ്ട സംഘത്തിന്റെ പ്രവർത്തന പരിധി | ഫീസ് നിരക്ക്(രൂപ) |
|---|---|
| 1. ഒരു താലൂക്കിനകത്ത് | 2500 |
| 2. ഒരു താലൂക്കോ ഒന്നിൽ കൂടുതൽ താലൂക്കുകളോ, എന്നാൽ ഒരു ജില്ലക്കകത്ത് | 5000 |
| 3. ഒരു ജില്ല | 6250 |
| 4. ഒന്നിൽ കൂടുതൽ ജില്ലകൾ | 12500 |

എന്നാൽ പ്രവർത്തനപരിധി ഏതുതന്നെയാണെങ്കിലും സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾക്ക് 100/- രൂപയും വനിതാ/എസ്.സി/എസ്.റ്റി സംഘങ്ങൾക്ക് 500/- രൂപയും മതിയാകുന്നതാണ്.

(0425-00-501-95 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്. )

**II. ബൈലാ ഭേദഗതിക്കുള്ള ഫീസ് (ചട്ടം 9(iv) (C) )**

നിലവിലുള്ള നിരക്കായ 500/- രൂപ എന്നത് 1,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(0425-00-501-95 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്. )

**III. സംഘത്തിലെ ഒരംഗത്തിന് തിരിച്ചറിയൽ കാർഡ് നൽകാതിരിക്കുകയാണെങ്കിൽ ടി അംഗം രജിസ്ട്രാർക്ക് നൽകുന്ന അപ്പീലിൽ മേലുള്ള ഫീസ്**

ചട്ടം 16D (1) - 50/- രൂപ

(0425-00-501-96 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്)

**IV. സംഘം ഭരണ സമിതിയിലേക്കും പ്രാതിനിധ്യ പൊതുയോഗത്തിലേക്കുള്ള തിരഞ്ഞെടുപ്പിനുള്ള ഫീസ്: (ചട്ടം(35 E(1))**

സംഘം ഭരണ സമിതിയിലേക്കും പ്രാതിനിധ്യ പൊതുയോഗത്തിലേക്കും തിരഞ്ഞെടുപ്പ് നടത്തുന്നതിനായി ഓരോന്നിനും പ്രത്യേകമായി ചുവടെ ചേർക്കും പ്രകാരമുള്ള ഫീസ് സംഘം സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

| ക്രമ നമ്പർ | സഹകരണ സംഘങ്ങളുടെ തരം | തിരഞ്ഞെടുപ്പ് ഫീസ് (രൂപയിൽ) |
|---|---|---|
| 1 | അപ്പക്സ് സംഘങ്ങൾ & സംസ്ഥാന സഹകരണ യൂണിയൻ | 7,500 |
| 2 | സെൻട്രൽ & ഫെഡറൽ സഹകരണ സംഘങ്ങൾ | 4,500 |
| 3 | ക്രെഡിറ്റ് & ഹൗസിംഗ് സഹകരണ സംഘങ്ങൾ | 3,000 |
| 4 | മറ്റ സംഘങ്ങൾ & സർക്കിൾ സഹകരണ യൂണിയനുകൾ | 1,500 |

(0425-00-501-99 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്.)

താഴെ പറയുന്ന സംഘങ്ങൾക്ക് ഫീസ് ഇളവ് നൽകിയിട്ടുണ്ട്.

(എ) ഭൂരിപക്ഷം അംഗങ്ങളും പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, ഭിന്ന ശേഷിയുള്ളവരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ

(ബി) എല്ലാ സ്കൂൾ സഹകരണ സംഘങ്ങളും

(സി)ഏതൊരു സംഘത്തിന്റേയും അദ്യ തിരിഞ്ഞെടുപ്പ്

## V. ആർബിട്രേഷൻ ഫീസ്

(a) ധനപരമായ തർക്കങ്ങൾ (ചട്ടം 67 (10)(1)

തർക്ക സംഖ്യയുടെ ഒരോ പത്ത് രൂപയ്ക്കും അതിന്റെ ഭാഗത്തിനും 50 പൈസാ ക്രമത്തിൽ ചുരുങ്ങിയത് 500/- രൂപയും, രണ്ട് ലക്ഷം രൂപ വരെയുള്ള തർക്കങ്ങൾക്ക് പരമാവധി ഫീസ് 5,000/- രൂപയും, പത്ത് ലക്ഷം രൂപ വരെയുള്ള തർക്കങ്ങൾക്ക് പരമാവധി ഫീസ് 7,500/- രൂപയും, പത്ത് ലക്ഷം രൂപയിൽ കൂടുതലുള്ള തർക്കങ്ങൾക്ക് 10,000/- രൂപയും ആയിരിക്കും.

( 0425-00-501-98 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്.)

(b) ധനപരമല്ലാത്ത തർക്കങ്ങൾ (ചട്ടം 67(10)(2)

1. സംഘം ജീവനക്കാർ ഫയൽ ചെയ്യുന്ന കേസുകൾ - 1,500/- രൂപ
2. തിരഞ്ഞെടുപ്പ് പരാതികൾ - 7,500/- രൂപ
3. മറ്റ് പരാതികൾ - 3,000/- രൂപ

എന്നാൽ ഭൂരിപക്ഷം അംഗങ്ങളും പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള സംഘങ്ങളും, സ്കൂൾ സംഘങ്ങളും ടി ഫീസിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

(0425-00-501-98 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്.)

## VI. സഹകരണ ട്രിബ്യൂണൽ മുൻപാകെ സമർപ്പിക്കുന്ന അപ്പീലുകൾ അല്ലെങ്കിൽ അപേക്ഷകൾക്ക് അപ്പീൽ വാദിയോ, അപേക്ഷകനോ ഒടുക്കേണ്ട ഫീസ് (ചട്ടം 123)

എ) 82-ാം വകുപ്പിൻ കീഴിലുള്ള അപ്പീൽ

(1) ധന പരമായ തർക്കങ്ങളിൽ ഉൾപ്പെട്ട തുകയുടെ 5% എന്ന നിരക്കിൽ കുറഞ്ഞ തുക 500/- രൂപയും പരമാവധി തുക 3000/- രൂപ

(2) ധനപരമല്ലാത്ത തർക്കങ്ങൾ

(i) തിരഞ്ഞെടുപ്പ് പരാതികൾ - 3000/- രൂപ

(ii) മറ്റ് പരാതികൾ - 750/- രൂപ

ബി) കേരള സഹകരണ സംഘം നിയമം

വകുപ്പ് 84 പ്രകാരമുള്ള റിവിഷൻ അപേക്ഷയും,

വകുപ്പ് 85 പ്രകാരമുള്ള റിവ്യൂ അപേക്ഷകളും - 325/-രൂപ

(0425-00-501-96 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്.)

**VII. എ) സഹകരണ നിയമം, വകുപ്പ് 83 അനുസരിച്ച് സർക്കാരിലേക്കോ, രജിസ്ട്രാർക്കോ സമർപ്പിക്കുന്ന അപ്പീലുകൾക്ക് അല്ലെങ്കിൽ അപേക്ഷകൾക്ക് അപ്പീൽ വാദിയോ, അപേക്ഷകനോ ഒടുക്കേണ്ട ഫീസ്. (ചട്ടം 124A(1))**

1. അപ്പീൽ വാദിയോ അപേക്ഷകനോ സംഘം ജീവനക്കാരനാണെങ്കിൽ – 4500/- രൂപ
2. അപ്പീൽ വാദിയോ അപേക്ഷകനോ ഒരു ഭരണ സമിതി അംഗമോ അല്ലെങ്കിൽ ഒരു സംഘമോ അല്ലെങ്കിൽ മറ്റുള്ളവരോ – 5000/- രൂപ

(0425-00-501-96 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്.)

**ബി) സഹകരണ നിയമത്തിലെ 87-ാം വകുപ്പ് അനുസരിച്ച് അധികാര വിനിയോഗത്തിനായി സർക്കാരിനോ, രജിസ്ട്രാർക്കോ സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ഒടുക്കേണ്ട ഫീസ് (ചട്ടം.124A(2))**

1. അപ്പീൽ വാദിയോ അപേക്ഷകനോ സംഘം ജീവനക്കാരനാണെങ്കിൽ – 1500/- രൂപ
2. അപ്പീൽ വാദിയോ അപേക്ഷകനോ ഒരു ഭരണ സമിതി അംഗമോ അല്ലെങ്കിൽ ഒരു സംഘമോ അല്ലെങ്കിൽ മറ്റുള്ളവരോ – 5000/- രൂപ

( 0425-00-501-96 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്)

**VIII. സംഘത്തിന് ബ്രാഞ്ച് അനുവദിക്കുന്നതിനുള്ള അപേക്ഷ (ചട്ടം.178.എ))**

എ) സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ – ഓരോ ബ്രാഞ്ചിനും 15000/-രൂപ

ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ/ പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ – ഓരോ ബ്രാഞ്ചിനും 7500/- രൂപ

( 0425-00-501-94 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്)

IX. സംഘം റീ–ക്ലാസിഫിക്കേഷനുള്ള ഫീസ് (ചട്ടം182(1))

എ) ജില്ലാ സഹകരണ ബാങ്ക്/പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘം/ പ്രാഥമിക വായ്പ സംഘങ്ങൾ/ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ/എംപ്ലോയീസ് സഹകരണ സംഘങ്ങൾ/ ഹൗസിംഗ്, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/ മറ്റ് വായ്പ സംഘങ്ങൾ എന്നിവ നിലവിലുള്ള ക്ലാസിഫിക്കേഷൻ ക്ലാസിൽ നിന്നും തൊട്ടടുത്ത ഉയർന്ന ക്ലാസിലേക്ക് റീ–ക്ലാസിഫൈ ചെയ്യുന്നതിനുള്ള ഫീസ് – 3000/– രൂപ

ബി) മറ്റ് സംഘങ്ങൾക്ക് – 750/– രൂപ

( 0425–00–501–93 എന്ന ശീർഷകത്തിൽ ഒടുക്കാവുന്നതാണ്)

ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ പുതുക്കിയ നിരക്കുകൾ സംബന്ധിച്ച വിവരം എല്ലാ സംഘങ്ങളുടേയും ജില്ലയിലെ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ടി നിരക്കുകൾ അനുസരിച്ച് തന്നെയാണ് ഫീസ് ഈടാക്കിയിട്ടുള്ളതെന്ന് ഉറപ്പാക്കേണ്ടതുമാണ്. ജോയിന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർമാർ തുടർന്നുള്ള മാസങ്ങളിലെ അവലോകന യോഗങ്ങളിൽ ഇത് സംബന്ധിച്ച പരിശോധനകൾ നടത്തേണ്ടതാണ്.

(ഒപ്പ്)

ഡോ. ഡി സജിത് ബാബു ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:– 1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. സംസ്ഥാന സഹകരണ തിരഞ്ഞെടുപ്പ് കമ്മീഷൻ
3. കേരള സംസ്ഥാന സഹകരണ യൂണിയൻ

4. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ
5. എല്ലാ അപക്സ് സഹകരണ സംഘങ്ങൾ/ബാങ്കുകൾ
6. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ബന്ധപ്പെട്ട ജില്ല ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം
7. എല്ലാ സഹകരണ സംഘങ്ങളും ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം
8. സഹകരണ വീഥി
9. വെബ് സൈറ്റ്
10. സ്റ്റോക്ക് ഫയൽ

// ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)